# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
2012 ഡിസംബർ 17, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

മുഖ്യമന്ത്രി

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

## എക്സൈസ് വകുപ്പിനെ സാമൂഹ്യപ്രതിബദ്ധതയുള്ള വകുപ്പ് ആക്കി മാറ്റുവാൻ നടപടി

*151 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധന വും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിനെ സാമൂഹ്യപ്രതിബദ്ധതയുള്ള വകുപ്പ് ആക്കി മാറ്റുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) സാമൂഹത്തിന്റെ ആരോഗ്യം പരമപ്രധാനമാണെന്നിരിക്കെ ആരോഗ്യ സംരക്ഷണത്തിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സർക്കാർ ആശുപത്രികളോടനുബന്ധിച്ച് മദ്യവിരുദ്ധ ബോധവത്കരണ പ്രചാരണങ്ങൾക്കായുള്ള ഡീ–അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>കെട്ടികിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടി</u>

*152 ശ്രീ. മോൻസ് ജോസഫ്
'' സി. എഫ്. തോമസ്
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാല് മാസത്തിൽ ഒരിക്കലെങ്കിലും താലൂക്ക് തലത്തിൽ ഫയൽ തീർപ്പാക്കൽ പരിപാടികൾ സംഘടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) അപേക്ഷകളും പരാതികളും തീർപ്പ് കല്പിക്കുന്നതിൽ കാലോചിതമായ പരിഷ്ക്കാരം നടപ്പാക്കുന്നതിന് സംവിധാനം ഉണ്ടാക്കുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി

*153 ശ്രീമതി. കെ.എസ്. സലീഖ
ഡോ. ടി.എം. തോമസ് ഐസക്
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്രവിഷ്കൃത പദ്ധതിയുടെ പണം കുടുംബശ്രീ വഴി മാത്രമേ നൽകൂ എന്ന കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേശിന്റെ പ്രസ്താവനക്കെതിരെ സംസ്ഥാന ഗ്രാമവികസന മന്ത്രിയുടെ പ്രസ്താവന മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നയമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) മന്ത്രിമാർ പങ്കെടുത്ത് ചർച്ച ചെയ്തുണ്ടാക്കുന്ന കരാറുകൾ പരസ്യമായി തളളിക്കളയുന്ന മന്ത്രിമാരുടെ തന്നെ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുടുംബശ്രീ പ്രവർത്തകരുടെ സമരത്തെ തുടർന്ന് ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമാണ്; ഒത്തുതീർപ്പ് വ്യവസ്ഥകൾ ലംഘിക്കുമെന്ന് സംസ്ഥാനത്തെ മന്ത്രിമാർ തന്നെ പരസ്യമായി നിലപാട് സ്വീകരിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

**വനം കയ്യേറ്റങ്ങൾ സംബന്ധിച്ച് കേന്ദ്ര വനം–പരിസ്ഥിതി മന്ത്രാലയത്തിന്റെ കണ്ടെത്തൽ**

*154 ശ്രീ. പി. റ്റി. എ. റഹീം
,, കെ. കെ. ജയചന്ദ്രൻ
,, ബി. ഡി. ദേവസ്സി
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻതോതിൽ വനം കയ്യേറ്റങ്ങൾ നടക്കുന്നതായി കേന്ദ്ര വനം–പരിസ്ഥിതി മന്ത്രാലയം കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയ്യേറ്റങ്ങൾ എത്രയും പെട്ടെന്ന് ഒഴിപ്പിക്കാൻ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(സി) വനഭൂമി കയ്യേറിയവരിൽ നിന്നും അവ ഒഴിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

ദേശീയ – സംസ്ഥാന പാതകളിലെ പോലീസ് നിരീക്ഷണം

*155 ശ്രീ. ജോസഫ് വാഴക്കൻ
,, ബെന്നി ബഹനാൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആദ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ സംസ്ഥാന പാതകൾ പൂർണ്ണമായും പോലീസ് നിരീക്ഷണത്തിലാക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ് ;

(സി) റോഡപകടങ്ങളുടെ എണ്ണം കുറയ്ക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ പ്രവാസികളുടെ വിമാനയാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ</u>

*156 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ
,, വി. എസ്. സുനിൽ കുമാർ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രവാസികളുടെ വിമാന യാത്ര സംബന്ധിച്ചുണ്ടായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മതിയായ വിമാന യാത്രാ സൗകര്യങ്ങൾ ലഭിക്കാത്തതും അടിയ്ക്കടിയുണ്ടാകുന്ന യാത്രാക്കൂലി വർദ്ധനവും വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ അത് പരിഹരിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

*157 ശ്രീ. എ. പ്രദീപ്കുമാർ
,, കെ.വി. അബ്ദുൾ ഖാദർ
ഡോ.കെ.ടി. ജലീൽ
ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) നടപ്പു അദ്ധ്യയന വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; കഴിഞ്ഞ അദ്ധ്യയന വർഷത്തെ കുടിശ്ശിക പൂർണ്ണമായും നൽകുകയുണ്ടായോ;

(സി) പ്രൈമറി ക്ലാസ് മുതൽ പ്രൊഫഷണൽ കോഴ്സുകൾവരെയുള്ള വിദ്യാർത്ഥികൾക്ക് അർഹമായ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റൽ ഫീസ്, ട്യൂഷൻ ഫീസ് എന്നിവ യഥാസമയം അനുവദിക്കുന്നതിലും വിതരണം ചെയ്യുന്നതിലും വീഴ്ചയുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ആനുകൂല്യങ്ങൾ കൃത്യമായും യഥാസമയവും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ സുരക്ഷ</u>

*158 ശ്രീ. സി. മമ്മൂട്ടി
,, പി.കെ. ബഷീർ
,, പി. ഉബൈദുള്ള
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ സംബന്ധിച്ച നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) അപകടത്തിൽപെടുന്നവരെ കണ്ടെത്തുവാനും, അടിയന്തിര രക്ഷാപ്രവർത്തനങ്ങൾ നടത്തുവാനും ഇപ്പോഴുള്ള സംവിധാനം പര്യാപ്തമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കടലിൽ പോകുന്ന യാനങ്ങളെ നിരീക്ഷിക്കുന്നതിനും, അത്യാവശ്യ ഘട്ടങ്ങളിൽ സഹായിക്കുന്നതിനും ഉപഗ്രഹ സംവിധാനം കൂടി ഉപയോഗപ്പെടുത്തിയുള്ള പദ്ധതി ആവിഷ്ക്കരിച്ച് കുറ്റമറ്റരീതിയിൽ നടപ്പാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>സംസ്ഥാനത്തിനാവശ്യമായ ജലം നേടിയെടുക്കൽ</u>

*159 ശ്രീ. സി. ദിവാകരൻ
'' പി. തിലോത്തമൻ
'' കെ. അജിത്
'' കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ഡാമുകളിൽ ജലനിരപ്പ് താഴ്ന്നിരിക്കുന്നുവെന്ന കാരണം പറഞ്ഞ് ജലസേചനത്തിനായി സംസ്ഥാനം ആവശ്യപ്പെടുന്ന ജലം നൽകാതിരിക്കുന്ന അയൽ സംസ്ഥാനങ്ങളുടെ നടപടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പറമ്പിക്കുളം–ആളിയാർ പദ്ധതിയിൽ നിന്നും കേരളത്തിനാവശ്യമായ ജലം സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന് വിവിധ അണക്കെട്ടുകളിൽ നിന്നും ലഭിക്കേണ്ടുന്ന ജലം നേടിയെടുക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

വര്‍ഗ്ഗീയതയുടെ വളര്‍ച്ച

*160 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
ശ്രീമതി. കെ.കെ. ലതിക
ശ്രീ. രാജു എബ്രഹാം
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ വര്‍ഗ്ഗീയാസ്വാസ്ഥ്യം വളരുകയാണെന്ന സംസ്ഥാന ഡി.ജി.പി.മാരുടെ സമ്മേളനത്തിലെ പ്രധാന മന്ത്രിയുടെ നിരീക്ഷണം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രധാനമന്ത്രിയുടെ മുന്നറിയിപ്പിന്റെ പശ്ചാത്തലത്തില്‍, സംസ്ഥാനത്ത് വര്‍ഗ്ഗീയവികാരം ഇളക്കിവിടാന്‍ നടത്തുന്ന ശ്രമങ്ങളെ സംബന്ധിച്ചും, ഇത്തരമൊരു നിരീക്ഷണം നടത്താനിടയായ സാഹചര്യം സംബന്ധിച്ചും വിലയിരുത്തുകയുണ്ടായോ;

(സി) കേരളത്തിന്റെ മഹത്തായ മതനിരപേക്ഷപാരമ്പര്യത്തെ കാത്തു സൂക്ഷിക്കാന്‍ ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>സ്വിം ആൻഡ് സർവൈവ് പദ്ധതി</u>

*161

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 5 വയസ്സു മുതൽ 12 വയസ്സുവരെയുള്ള സ്കൂൾ കുട്ടികളെ നീന്തൽ പഠിപ്പിക്കുന്നതിനായി സ്വിം ആൻഡ് സർവൈവ് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി എന്നു മുതൽ നടപ്പിലാക്കുമെന്നും ഏതെല്ലാം സ്കൂളുകളിൽ നടപ്പിലാക്കുമെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>കായികക്ഷമതാ പദ്ധതി</u>

*162 ശ്രീ. കെ. അജിത്
,, വി. എസ്. സുനിൽകുമാർ
,, ജി. എസ്. ജയലാൽ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികക്ഷമതാ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ അദ്ധ്യയന വർഷം ഇതിനകം എത്ര സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>മത്സ്യവിഭവങ്ങളുടെ കയറ്റുമതി</u>

*163 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, എം. പി. അബ്ദുസ്സമദ് സമദാനി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, സി മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യവിഭവങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കാൻ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാം; വിശദമാക്കുമോ;

(ബി) ലോക മാർക്കറ്റിൽ ഡിമാന്റ് ഉള്ള മത്സ്യവിഭവങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഗുണമേന്മയുള്ള വിഭവങ്ങൾ മാത്രം കയറ്റുമതി ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന മുൻകലുതലുകൾ വ്യക്തമാക്കുമോ;

(ഡി) പ്രതിവർഷം എന്ത് തുകയുടെ കയറ്റുമതിയാണ് സംസ്ഥാനത്തിന്റേതായുള്ളത്; വെളിപ്പെടുത്തുമേ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

നഗരപ്രദേശങ്ങളിലെ ജലസ്രോതസ്സുകളുടെ സംരക്ഷണം

*164 ശ്രീ. വി. പി. സജീന്ദ്രൻ
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് കെ.എസ്.ബി.ബി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നഗരങ്ങളിലെ ജലസ്രോതസ്സുകളും ജൈവവൈവിധ്യ വ്യവസ്ഥയും സംരംക്ഷിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) റസിഡൻസ് അസോസിയേഷനുകളേയും എൻ.ജി.ഒ.കളേയും പ്രസ്തുത പദ്ധതിയുമായി സഹകരിപ്പിക്കുന്നതിന് തയ്യാറാകുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

ബഡ്ജറ്റ് പ്രഖ്യാപനങ്ങളും സപ്തധാരാപദ്ധതികളും

*165 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പി കെ. ഗുരുദാസൻ
,, എളമരം കരീം
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ബഡ്ജറ്റിലൂടെ പുതുതായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയായിരുന്നു ;

(ബി) പ്രഖ്യാപിച്ച പദ്ധതികളുടെ നടത്തിപ്പ് അവലോകനം ചെയ്യുകയുണ്ടായോ ; നടപ്പിലാക്കാൻ കഴിയാത്തവയെ സംബന്ധിച്ച് വിശദമാക്കാമോ ; പൂർണ്ണമായും നടപ്പിലാക്കിയവ എത്ര ;

(സി) ബഡ്ജറ്റിന് പുറത്ത് സപ്തധാര പദ്ധതിയയിലൂടെയും മറ്റും പ്രഖ്യാപിച്ച സ്കീമുകളുടെയും പരിപാടികളുടെയും നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) മേല്പ്പറഞ്ഞ പുതിയ പദ്ധതികളിലും പരിപാടികളിലും പൂർണ്ണമായും നടപ്പിലാക്കാത്തവ എത്ര ; അവ ഏതെല്ലാം വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

എക്സൈസ് വകുപ്പിൽ ക്രൈം ഇൻവെസ്റ്റിഗേഷൻ ബ്യൂറോ

*166 ശ്രീ. പി. സി. വിഷ്ണുനാഥ്
,, കെ. ശിവദാസൻ നായർ
,, സി. പി. മുഹമ്മദ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ക്രൈം ഇൻവെസ്റ്റിഗേഷൻ ബ്യൂറോ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ക്രൈം ഇൻവെസ്റ്റിഗേഷൻ ബ്യൂറോയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എക്സൈസ് വകുപ്പിൽ കെട്ടിക്കിടക്കുന്ന കേസുകൾ ബ്യൂറോയ്ക്ക് കൈമാറുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാ അടിസ്ഥാനത്തിൽ ക്രൈം ഇൻവെസ്റ്റിഗേഷൻ ബ്യൂറോകൾ ആരംഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>റാങ്ക് ലിസ്റ്റുകൾ യഥാസമയം പ്രസിദ്ധീകരിക്കാൻ നടപടി</u>

*167 ശ്രീ. കെ. മുരളീധരൻ
,, ജോസഫ് വാഴക്കൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. വിജ്ഞാപനം പുറപ്പെടുവിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(സി) വിജ്ഞാപനം ചെയ്ത് ഒരു വർഷത്തിനകം പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ട കേസുകൾ</u>

*168 ശ്രീ. പുരുഷൻ കടലുണ്ടി
,, ഇ. പി. ജയരാജൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിജിലൻസ് സംവിധാനം രാഷ്ട്രീയാവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആക്ഷേപങ്ങൾ സംബന്ധിച്ച് പരിശോധിക്കുകയുണ്ടായോ ;

(സി) വിജിലൻസ് വകുപ്പ് രാഷ്ട്രീയ പകപോക്കലിനായി ഉപയോഗിക്കപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ട കേസുകൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>പോലീസിനെ ആധുനികവൽക്കരിക്കാൻ പദ്ധതികൾ</u>

*169 ശ്രീ. പി.എ. മാധവൻ
,, റ്റി.എൻ. പ്രതാപൻ
,, സണ്ണി ജോസഫ്
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസിനെ ആധുനികവൽക്കരിക്കാൻ എന്തെല്ലാം പദ്ധതികൾക്കാണ് തുടക്കമിട്ടിട്ടുളളത് ; വിശദമാക്കുമോ;

(ബി) പോലീസിനെ കൂടുതൽ ജനകീയമാക്കുന്നതിനും വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പോലീസ് സേന ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>ഭൂകമ്പ സാധ്യതാ മേഖലാ പ്രഖ്യാപനം</u>

*170 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂകമ്പ സാധ്യതാ മേഖലകൾ ഏതൊക്കെയാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ഭൂകമ്പ സാധ്യതാ മേഖലകളിൽ ദുരന്തമുണ്ടായാൽ കൈക്കൊള്ളേണ്ട മുൻകരുതലുകളിൽ എന്തൊക്കെയാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഭൂകമ്പത്തിൽ വന്നേക്കാവുന്ന ദുരന്തത്തിന്റെ അളവ് കുറയ്ക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>മദ്യ വിൽപ്പന</u>

*171 ശ്രീ. ഇ. പി. ജയരാജൻ
'' വി. ചെന്താമരാക്ഷൻ
'' കെ.കെ.നാരായണൻ
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യം പൂർണ്ണമായും നിരോധിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം തരം മദ്യം വില്പന നടത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) മദ്യ വില്പനയ്ക്ക് ഏതെല്ലാം സ്ഥാപനങ്ങളെയാണ് നിയോഗിച്ചിട്ടുളളത്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇന്നേവരെ സംസ്ഥാനത്ത് സർക്കാർ നിയോഗിച്ച ഏജൻസികൾ വഴി എത്ര കോടി രൂപയുടെ മദ്യം വില്പന നടത്തുകയുണ്ടായി; ഇതുവഴി ലഭിച്ച വരുമാനം എത്ര കോടിരൂപയാണ്;

(ഇ) ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന്റെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മദ്യങ്ങൾക്ക് എത്ര ശതമാനം വീതം വില വർദ്ധിപ്പിക്കുകയുണ്ടായി; ഇതുവഴി നടപ്പുവർഷത്തിൽ വാങ്ങുന്ന മദ്യത്തിന് എന്തു തുക ബീവറേജസ് കോർപ്പറേഷൻ മദ്യകമ്പനികൾക്ക് അധികമായി നൽകേണ്ടതായിവരും?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>മാധ്യമ സ്വാതന്ത്ര്യം</u>

*172 ശ്രീ. ആർ. രാജേഷ്
,, റ്റി. വി. രാജേഷ്
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാധ്യമ സ്വാതന്ത്ര്യം സംബന്ധിച്ച നിലപാട് വെളിപ്പെടുത്താമോ ;

(ബി) അഴിമതിക്കും ജനവിരുദ്ധ നയങ്ങൾക്കുമെതിരെ ഭരണകർത്താക്കളെ വിമർശിക്കേണ്ടി വരുന്ന മാധ്യമപ്രവർത്തകർക്കെതിരെ പോലീസ് കേസെടുക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സത്യത്തിനും നീതിക്കും നിരക്കാത്ത പ്രവൃത്തികശ ഭരണകർത്താക്കളിൽ നിന്നുണ്ടാകുമ്പോൾ അത് തുറന്ന് കാണിക്കാൻ പത്രപ്രവർത്തകർ നടത്തുന്ന ശ്രമങ്ങളുടെ പേരിൽ അവർക്കെതിരെ കേസ് എടുക്കുകയും സ്റ്റേഷനുകളിൽ വിളിച്ചുവരുത്തുകയും ചെയ്യുന്ന പ്രവണത അവസാനിപ്പിക്കാമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് മാധ്യമ പ്രവർത്തകർക്കെതിരെ എടുത്ത പോലീസ് കേസുകളുടെയും പോലീസ് മർദ്ദനങ്ങളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>എയർലൈൻ പദ്ധതി</u>

*173

## ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രവാസികളെ എയർഇന്ത്യയുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ എയർലൈൻ പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ കേരളാ എയർലൈൻ പദ്ധതിക്ക് അനുമതി ലഭിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>സംസ്ഥാന സുരക്ഷാ കമ്മീഷൻ</u>

*174 ശ്രീ. എളമരം കരീം
,, എം. ചന്ദ്രൻ
,, എസ്. രാജേന്ദ്രൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി നിർദ്ദേശിക്കപ്പെട്ട സംസ്ഥാന സുരക്ഷാ കമ്മീഷൻ പോലീസിന്റെ പ്രവർത്തനം വിലയിരുത്തുകയുണ്ടായോ; കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) പൊതുജനങ്ങളോട് മര്യാദയും സഹാനുഭൂതിയും മാന്യമായ ഭാഷയും ഉപയോഗിക്കാൻ പോലീസിനെ പ്രാപ്തമാക്കാൻ കമ്മീഷൻ ഏതെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) പോലീസ് കർത്തവ്യ നിർവ്വഹണത്തിനിടയിൽ ശേഖരിക്കുന്ന എല്ലാ വിവരങ്ങളും രഹസ്യമായി സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന് വിരുദ്ധമായി ഉണ്ടായിട്ടുള്ള ചോർത്തിക്കൊടുക്കലുകൾ സംബന്ധിച്ച് പരിശോധിക്കുകയുണ്ടായോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷനുകളിലെ സിറ്റിസൺ ഹെൽപ് ഡെസ്ക്കുകൾ</u>

*175 ശ്രീ. ഷാഫി പറമ്പിൽ
,, ഐ. സി. ബാലകൃഷ്ണൻ
,, വർക്കല കഹാർ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സിറ്റിസൺസ് ഹെൽപ്പ് ഡെസ്ക്കുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ സംവിധാനം വഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഈ സംവിധാനം വഴി ലഭിക്കുന്ന പരാതികൾക്ക് പരിഹാരം കാണുവാൻ എന്തെല്ലാം സൗകര്യങ്ങൾ ഭരണതലത്തിൽ ഒരുക്കിയിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>സൈബർ കുറ്റകൃത്യങ്ങൾ</u>

*176 ഡോ.എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്
'' എം.വി. ശ്രേയാംസ്കുമാർ
'' റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇവ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സൈബർ പോലീസിന്റെ സാങ്കേതികമേന്മ വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>ഗുണ്ടാനിയമത്തിന്റെ ഭേദഗതി</u>

*177 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, പാലോട് രവി
,, ഹൈബി ഈഡൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാനിയമം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഭേദഗതികളാണ് നിയമത്തിൽ വരുത്താനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം കുറ്റങ്ങളും ശിക്ഷകളുമാണ് ഭേദഗതിയിലൂടെ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) നിയമം ഭേദഗതി ചെയ്യുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോ ;

(ഇ) ഇതിനുള്ള നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ

*178 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യ ലഭ്യതയിൽ ഉള്ള ഭീമമായ കുറവ്, മഴക്കുറവ് മൂലം ആവശ്യത്തിന് ജലം പാടശേഖരങ്ങളിലും തോടുകളിലും മറ്റും ഇല്ലാതിരിക്കൽ, ആവാസവ്യവസ്ഥയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്നിവ മൂലം ഉൾനാടൻ മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>വ്യാവസായിക ആവശ്യത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ പ്ലാന്റേഷൻ</u>

*179 ശ്രീ. കെ. എൻ. എ. ഖാദർ
,, കെ. എം. ഷാജി
,, പി. ബി. അബ്ദുൾ റസാക്
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക ആവശ്യത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ പ്ലാന്റേഷനുവേണ്ടി വനഭൂമി വിനിയോഗിക്കുന്നതിന് മാനദണ്ഡമെന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) സ്വാഭാവിക വനവിസ്തൃതിയുടെ എത്ര ശതമാനമാണ് പ്ലാന്റേഷന് വേണ്ടി വിനിയോഗിക്കാൻ നീക്കി വച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) സ്വാഭാവിക വനം നിലനില്ക്കുന്ന ഭൂപ്രദേശം പ്ലാന്റേഷനുവേണ്ടി ക്ലിയർ ഫെല്ലിംഗ് നടത്താറുണ്ടോ ; ഏതൊക്കെ തരം മരങ്ങളാണ് വ്യാവസായിക ആവശ്യത്തിന് പ്ലാന്റ് ചെയ്യാറുള്ളത് എന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>സിനിമ വെബ് മാഗസിൻ</u>

*180 ശ്രീ. എം.എ. വാഹീദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാള സിനിമയെ ലോകത്തിന് മുന്നിൽ എത്തിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സിനിമ വെബ്മാഗസിൻ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഭാഷകളിലാണ് വെബ്മാഗസിൻ തുടങ്ങാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇത് എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം സെക്രട്ടറി
2012 ഡിസംബർ 08.